Page 1 of 2

(സി) ടൂറിസം വികസനത്തിന് ഇത് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഈസ്റ്റേൺ ടൂറിസം കോറിഡോർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പശ്ചിമഘട്ടത്തിന്റെ താഴ്‌വരയായ വണ്ടൂർ, കരുവാരക്കുണ്ട് മുതൽ തുഷാരഗിരി വരെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയാണ് ഈസ്റ്റേൺ കോറിഡോർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വണ്ടൂർ, നിലമ്പൂർ, ഏറനാട്, മേഖലകളിലെ പ്രധാന ടൂറിസം സാദ്ധ്യതകൾ ഉള്ള സ്ഥലങ്ങൾ കണ്ടെത്തുകയും അവിടെ അടിസ്ഥാന സൗകര്യങ്ങളും മറ്റ് വിനോദസഞ്ചാര പ്രവർത്തനങ്ങളും ഒരുക്കുകയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ഡി) ഈസ്റ്റേൺ കോറിഡോർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Development of Eco Village at Cherumbu in Karuvarkundu Mala (Estimate: 1,95,00,000)
2. Eastern Corridor – Nutmug Valley Tourism at Karuvarkundu at Malappuram phase I (Estimate: 1,00,00,000)
3. Wandoor Tourism Square (Estimate: Rs. 2,98,00,000)
4. Development of Marketplace street - scaping - (Estimate: Rs. 4,50,00,000)

അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ കൗൺസിൽ

251 (6956) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ടൂറിസം വികസനത്തിന് ഇത് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?



## ഉത്തരം

(എ) കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘം ആക്ട് അനുസരിച്ച് ക്രമ നമ്പർ റ്റി.റി.എം./റ്റി.സി./1668/2012 വർഷം 2012 ഒക്ടോബർ മാസം 11-ാം തീയതി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്.) എന്ന സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ കീഴിലാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്.

(ബി) കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ സാഹസിക വിനോദങ്ങൾ കണ്ടെത്തുകയും അവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, കേരളത്തെ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള അഡ്വഞ്ചർ മേഖലയായി ഉയർത്തുവാനും അവ പ്രോത്സാഹിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുക, അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റുന്ന സാഹസിക വിനോദ മത്സരങ്ങൾ സംഘടിപ്പിക്കുക, കേരളത്തിലെ സാഹസിക വിനോദ സാദ്ധ്യതകൾ ജനങ്ങളിൽ എത്തിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ രൂപീകരണത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കേരളത്തിൽ സാഹസിക വിനോദസഞ്ചാരത്തിനുള്ള അനന്ത സാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരുകയും അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നതിലൂടെ കേരളത്തിലേക്ക് വരുന്ന സ്വദേശി-വിദേശി സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയും ടൂറിസം വികസനം സാധ്യമാകുകയും ചെയ്യുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) കേരളത്തിൽ സാഹസിക വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിലേക്ക് കാപ്പിൽ, മുഴുപ്പിലങ്ങാട്, വാഗമൺ എന്നീ സ്ഥലങ്ങളിൽ സാഹസിക വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വിശദമായ രൂപരേഖ തയ്യാറാക്കിവരികയാണ്. കേരളത്തിലെ 14 ജില്ലകളിലും സ്ഥലലഭ്യതയ്ക്കനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ പാർക്ക് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ടാമത് അന്താരാഷ്ട്ര കയാക്കിങ് മത്സരമായ 'മലബാർ റിവർ ഫെസ്റ്റ്' 2014 ജൂലൈ 25, 26, 27 തീയതികളിൽ കോഴിക്കോട് വച്ച് നടത്തുകയാണ്. വരുന്ന ഓണക്കാലത്ത് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി 12-14 ദിവസം നീണ്ടുനിൽക്കുന്ന 'അഡ്വഞ്ചർ കാർണിവൽ' സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly